# വസന്തം വിരിയിച്ച് പണം കൊയ്യാൻ സർക്കാരിന്റെ പുഷ്പകൃഷി

Kerala Kaumudi -12-04-2018-P-04

▶ഒ.എൻ.രാജഗോപാൽ

തൊടുപുഴ: കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇടുക്കിയിൽ 43 ഹെക്ടറിലും വയനാട്ടിൽ 70 ഏക്കറിലും പുഷ്പകൃഷി ആവിഷ്കരിക്കുന്നു. പൂകൃഷിയിലൂടെ വരുമാനം കണ്ടെത്താൻ കർഷകരെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. 500 കർഷകരെയാണ് ഉദ്ദേശിക്കുന്നത്. 400 പേർ ഇടുക്കിയിൽ നിന്നാണ്. കർഷകർക്ക് പരിശീലനം, പഠനയാത്ര തുടങ്ങിയവ സംഘടിപ്പിക്കും. മേയ് ആദ്യവാരം കൃഷി തുടങ്ങും.

വിവിധ ഗ്രൂപ്പുകൾ ഉൾപ്പെടുന്ന യൂണിറ്റുകൾക്കാണ് ഇടുക്കിയിൽ നടീൽ വസ്തുക്കൾ നൽകുക. വയനാട്ടിൽ വ്യക്തികൾക്കും കൃഷി നടത്താം. ദേവികുളം, പീരുമേട്, അടിമാലി, ബത്തേരി, പനമരം, മാനന്തവാടി, കൽപ്പറ്റ ബ്ലോക്കുകളിലും അരിക്കുഴ ജില്ലാ കൃഷിഫാം, വണ്ടിപ്പെരിയാർ പച്ചക്കറി കൃഷിത്തോട്ടം, അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം, മാനന്തവാടി പ്രിയദർശനി എസ്റ്റേറ്റിലുമാണ് ആദ്യഘട്ട കൃഷി.

മലനാട്ടിൽ 86 ലക്ഷം രൂപ, വയനാട്ടിൽ പൂകൃഷി വികസനപദ്ധതിയിൽ 45 ലക്ഷം രൂപ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 8.5 ലക്ഷം രൂപ, പോളി ഹൗസുകളുടെ നിർമ്മാണത്തിന് 50 ലക്ഷം രൂപ, ഫ്ലവർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് 20 ലക്ഷ രൂപ എന്നിങ്ങനെ ചെലവഴിക്കും. കാർഷിക സർവകലാശാല, കഴക്കൂട്ടം ബൊട്ടാണിക്കൽ ഗാർഡൻ, പാലോട് ബയോടെക്നോളജി ലാബ്, അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നുള്ള വിത്തുകളും, നടീൽ വസ്തുക്കളുമാണ് കർഷകർക്ക് സൗജന്യമായി നൽകുന്നത്. കൃഷി ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന പൂക്കൾ കുറഞ്ഞ നിരക്കിൽ നൽകും. അഞ്ച് ലക്ഷം രൂപ വീതമാണ് പൂകൃഷി നടത്താൻ ഫാമുകൾക്ക് അനുവദിച്ചിരിക്കുന്നത്.

## വയനാട്ടിൽ മാർക്കറ്റിംഗ് സൊസൈറ്റി

പുഷ്പകൃഷിയുടെ വിപണനത്തിന് വയനാട്ടിൽ ഫ്ലവർ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കും. ഇതിന്റെ മുന്നോടിയായി ഹഡ്കോ കമ്മിറ്റി നിലവിൽ വന്നു. കൽപ്പറ്റ, മാനന്തവാടി, പനമരം, ബത്തേരി ബ്ലോക്കുകളിൽ കളക്ഷൻ സെന്ററുകൾ തുടങ്ങും.

## കൃഷി ചെയ്യുന്ന പൂക്കൾ

1. വാടാമുല്ല
2. കുറ്റിമുല്ല
3. ബെന്തി
4. വിവിധയിനം റോസ്
5. ഓർക്കിഡ്
6. ആന്തൂറിയം
7. ഹേലികോണിയ
8. ഗ്ലാഡിയോലസ്
9. ജറിബറ

